# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2028 | 18.06.2013 -ൽ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. ഓഫീസുകളിലെ വൈദ്യുതി നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ട് ഭവനിലും വിവിധ ഡിപ്പോകളിലും വൈദ്യുതി ഉപയോഗത്തിലുള്ള നിയന്ത്രണം കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ഏതെങ്കിലും ഇനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. KSRTC ഡിപ്പോകളിലും ഗ്യാരേജുകളിലും ബസ് വെയിറ്റിംഗ് ഷെഡുകളിലും വൈദ്യുത ഉപയോഗം കുറവുള്ള സി.എഫ്.എൽ ലൈറ്റുകളും, ഇലക്ട്രോണിക് ട്യൂബ് ലൈറ്റുകളും കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ആയതിനു പുറമേ ഗവൺമെന്റ് ഉത്തരവിൻ പ്രകാരം വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗരേഖകൾ അടങ്ങിയ ഗവൺമെന്റ് സർക്കുലറുകൾ എല്ലാ യൂണിറ്റുകളിലും സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. പുതുതായി എനർജി മാനേജ്മെന്റുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കടുത്ത വൈദ്യുത പ്രതിസന്ധി സംസ്ഥാനത്തൊട്ടാകെ നിലനില്ക്കുന്ന സാഹചര്യത്തിൽ ചില ഉദ്യോഗസ്ഥർ ഓഫീസ് ശീതീകരിക്കുന്നതും, ഒന്നിലധികം ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതുൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉപയോഗം കുറച്ച് കൊണ്ടുവരുന്നതിനായി എടുത്ത നടപടികൾ വിശദമാക്കുമോ ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് പരിശോധിക്കുമോ ? | (ബി) | ഓഫീസ് ശീതീകരിക്കുന്നതിന് അധികമായി ശീതീകരണ യന്ത്രങ്ങൾ ഉപയോഗിക്കാറില്ല. ഇക്കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി തിരക്കില്ലാത്ത സമയങ്ങളിൽ ഒരു ലിഫ്റ്റ് ഓഫാക്കിഇടാറുണ്ട്. |

സെക്ഷൻ ഓഫീസർ